## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40 — 27.09.2016 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാരമേഖലയുടെ വികസനം

### ചോദ്യം

ശ്രീ.ടി.എ.അഹമ്മദ് കബീർ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ. എം.ഉമ്മർ
ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്

എ) വിനോദ സഞ്ചാരമേഖലയുടെ വികസനവും മദ്യ ലഭ്യതയും തമ്മിൽ ബന്ധമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ബി) ഇക്കാര്യത്തിൽ പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

### മറുപടി

ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി

എ) യും ബി) യും വിനോദസഞ്ചാര മേഖലയുടെ വികസനവും, മദ്യലഭ്യതയും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രത്യേകമായിട്ടുള്ള പഠനങ്ങൾ ഒന്നും വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാ നിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതിനുള്ള കാരണങ്ങൾ മനസ്സിലാക്കുന്നതിനായി 'Trade Research Survey 2016' എന്ന പഠനം വകുപ്പ് നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യ കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവൻഷൻ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിൽ ഉണ്ടായ ഇടിവാണ്. ഇതിനുള്ള കാരണങ്ങളിലൊന്ന് സംസ്ഥാനത്തെ നിലവിലെ മദ്യനയമാണെന്ന് കണ്ടെത്തുകയുണ്ടായി.

സി) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വമില്ലായ്മ, ഗതാഗത തൊഴിൽ പ്രശ്നങ്ങൾ, സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത, വേണ്ടത്ര പ്രചരണ പ്രവർത്തനങ്ങളുടെ അപര്യാപ്തത, മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രൊഫഷണലിസക്കുറവ്, പെരുമാറ്റത്തിലെ മാന്യതയില്ലായ്മ ഇവയൊക്കെയാണ് ഈ മേഖലയുടെ തളർച്ചയ്ക്ക് പ്രധാന കാരണങ്ങൾ എന്നതുകൊണ്ട് അവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സി) വിനോദസഞ്ചാര മേഖലയിലെ വളർച്ചാ നിരക്കിൽ ഉള്ള കുറവിന്റെ കാരണങ്ങൾ കണ്ടെത്തി അവയെല്ലാം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ